"ഭരണഭാഷ - മാതൃഭാഷ"

NO TO DRUGS

നം:- DDEKNR/6654/2026-G4

വിദ്യാഭ്യാസ ഉപഡയറക്ടറുടെ
കാര്യാലയം, കണ്ണൂർ.
തീയ്യതി : 26-10-2026

## സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം - ജില്ലാ പഞ്ചായത്ത് വാർഷിക പദ്ധതി 2026-27- ലഹരിവിരുദ്ധ ക്യാമ്പയിൻ സ്കൂൾ വിദ്യാർത്ഥികൾക്കായി റീൽസ് മത്സരം സംഘടിപ്പിക്കൽ (പ്രൊ. നം. 216/27)- സ്കൂൾ തലത്തിൽ റീൽസ് മത്സരം സംഘടിപ്പിക്കുന്നത് - സംബന്ധിച്ച്

സൂചന :-

നമ്മുടെ യുവതലമുറയെയും വിദ്യാർത്ഥികളെയും ലഹരിയുടെ മാരകമായ പിടിയിൽ നിന്നും സംരക്ഷിക്കുക എന്നത് ഇന്നത്തെ സാമൂഹിക സാഹചര്യത്തിൽ അടിയന്തരപ്രാധാന്യമുള്ള ഒന്നാണ്. അറിവും സർഗ്ഗാത്മകതയും വളരേണ്ട ക്യാമ്പസുകളിലേക്ക് ലഹരി പദാർത്ഥങ്ങളുടെ കടന്നുകയറ്റം തടയുന്നതിനായി വിപുലമായ ബോധവൽക്കരണ പ്രവർത്തനങ്ങളാണ് സർക്കാർ വിഭാവനം ചെയ്തിരിക്കുന്നത്. വിദ്യാർത്ഥികൾക്ക് ഏറെ താല്പര്യമുള്ള നവമാധ്യമ സാധ്യതകളെ പോസിറ്റീവായി ഉപയോഗപ്പെടുത്തിക്കൊണ്ട്, ലഹരിക്കെതിരെയുള്ള സന്ദേശം അവരുടെ ഇടയിലേക്ക് തന്നെ എത്തിക്കുക എന്ന് ലക്ഷ്യമിട്ടു കൊണ്ട് ജില്ലാ പഞ്ചായത്ത് സ്കൂൾ വിദ്യാർത്ഥികൾക്കായി റീൽസ് മത്സരം സംഘടിപ്പിക്കുന്നു.

സ്കൂൾ വിദ്യാർത്ഥികളുടെ സർഗ്ഗാത്മക കഴിവുകളെ പ്രോത്സാഹിപ്പിക്കുന്നതിനൊപ്പം ലഹരിവിരുദ്ധ സന്ദേശം സമൂഹത്തിൽ പ്രചരിപ്പിക്കുന്നതിനുമായി "ലഹരിക്കെതിരെ ഒരുമിക്കാം" എന്ന പ്രമേയത്തിലാണ് 'റീൽസ്' (Reels) മത്സരം സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുള്ളത്. പുതിയ കാലത്തെ സാങ്കേതികവിദ്യയും കുട്ടികളുടെ ആശയവിനിമയ ശൈലിയും സമന്വയിപ്പിച്ചു കൊണ്ട് ലഹരിയുടെ ദൂഷ്യഫലങ്ങളെക്കുറിച്ച് കുട്ടികളിൽ സ്വയം ബോധ്യം വളർത്താൻ ഈ മത്സരം ഉപകരിക്കുമെന്ന് കരുതുന്നു.

റീൽസ് മത്സരം സംബന്ധിച്ച പൊതുനിർദ്ദേശങ്ങളും നിബന്ധനകളും ചുവടെ കൊടുക്കുന്നു.

1. ജില്ലയിലെ ഗവ./എയിഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് റീൽസ് മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്.
2. ഹൈസ്കൂൾ, ഹയർസെക്കണ്ടറി വിഭാഗങ്ങൾക്ക് പ്രത്യേകം മത്സരം ഉണ്ടായിരിക്കും.
3. സ്കൂൾ തലത്തിൽ റീൽസ് മത്സരം സംഘടിപ്പിച്ച് അതിൽ വിജയിക്കുന്ന ഒന്നാം സ്ഥാനക്കാരുടെ എൻട്രികളാണ് (റീൽസ്) ജില്ലാതല മത്സരത്തിനായി ലഭ്യമാക്കേണ്ടത്.
4. സ്കൂൾ തലത്തിൽ മത്സരം സ്കൂൾ അധികൃതർ സംഘടിപ്പിക്കേണ്ടതാണ്.
5. റീൽസിന്റെ ദൈർഘ്യം ഒരു കാരണവശാലും 1 മിനിറ്റിൽ (60 സെക്കൻഡ്) കൂടാൻ പാടുള്ളതല്ല.
6. മത്സരാർത്ഥികൾ സ്വന്തമായി ചിത്രീകരിച്ച് എഡിറ്റ് ചെയ്ത വീഡിയോകൾ മാത്രമേ പരിഗണിക്കൂ. പകർപ്പവകാശമുള്ള (Copyright) സംഗീതമോ ദൃശ്യങ്ങളോ ഉപയോഗിക്കാൻ പാടില്ല.
7. മലയാളത്തിൽ തയ്യാറാക്കുന്ന വീഡിയോകൾക്കാണ് മുൻഗണന. ആവശ്യമെങ്കിൽ ഇംഗ്ലീഷ് സബ്ടൈറ്റിലുകൾ നൽകാവുന്നതാണ്.

8. മുമ്പ് ചിത്രീകരിച്ചതോ സമൂഹമാധ്യമങ്ങളിൽ അപ് ലോഡ് ചെയ്യതോ ആയ റീൽസുകൾ മത്സരത്തിന് സമർപ്പിക്കാൻ പാടുള്ളതല്ല.
9. ലഹരി ഉപയോഗത്തിന്റെ ദൂഷ്യവശങ്ങൾ, ലഹരി വിമുക്തമായ സമൂഹം, ആരോഗ്യകരമായ ജീവിതം എന്നീ ആശയങ്ങൾ വ്യക്തമാക്കുന്ന ശക്തമായ സന്ദേശം വീഡിയോയിൽ ഉണ്ടായിരിക്കണം. ഷോർട്ട് ഫിലിം ശൈലിയിലോ, സംഭാഷണ രൂപത്തിലോ, ഗാനരൂപത്തിലോ വീഡിയോകൾ തയ്യാറാക്കാം.
10. ലഹരി ഉപയോഗത്തെ പ്രോത്സാഹിപ്പിക്കുന്നതോ മഹത്വവൽക്കരിക്കുന്നതോ ആയ രംഗങ്ങൾ, അശ്ലീല പദപ്രയോഗങ്ങൾ, വ്യക്തിഹത്യ, മതം എന്നിവ വീഡിയോയിൽ ഉൾപ്പെടുത്താൻ പാടില്ല. ഇത്തരം വീഡിയോകൾ മത്സരത്തിൽ നിന്ന് അയോഗ്യരാക്കപ്പെടുന്നതാണ്. വിഷയവുമായി ബന്ധപ്പെട്ട കാര്യങ്ങൾ മാത്രമായിരിക്കണം റീൽസിന്റെ ഉള്ളടക്കം.
11. ചിത്രീകരിക്കുന്ന വീഡിയോകൾ മത്സരം പൂർത്തീകരിക്കുന്നത് വരെ സോഷ്യൽ മീഡിയയിൽ ഷെയർ ചെയ്യുവാൻ പാടുള്ളതല്ല.
12. ജില്ലാതലത്തിൽ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനം നേടുന്ന വിജയികൾക്ക് സമ്മാനം അല്ലെങ്കിൽ ക്യാഷ് അവാർഡ് നൽകുന്നതാണ്. കൂടാതെ ഇവ പ്രദർശിപ്പിക്കുന്നതായിരിക്കും.
13. ഒറിജിനൽ വീഡിയോകൾ മാത്രമേ മത്സരത്തിൽ സ്വീകരിക്കുകയുള്ളൂ. Copied /A I വീഡിയോകൾ അനുവദനീയമല്ല.
14. റീൽ സ് 9.16 (Portrait )എന്ന സൈസിൽ ഷൂട്ട് ചെയ്ത് എച്ച്.ഡി ക്വാളിറ്റിയിൽ ഡോക്യുമെന്റ് ഫയലായിട്ടാണ് ജില്ലാതല മത്സരത്തിന് സമർപ്പിക്കേണ്ടത്.
15. റീൽസുകൾ വിദ്യാർത്ഥികൾ നേരിട്ട് ജില്ലാ തലത്തിലേക്ക് അയക്കാൻ പാടുള്ളതല്ല.
16. ജില്ലാതല മത്സരത്തിനായി സമർപ്പിക്കുന്ന വീഡിയോയ്ക്കൊപ്പം സ്കൂളിന്റെ പേര്, വിഭാഗം (ഹൈസ്കൂൾ/ഹയർസെക്കണ്ടറി), റീൽസ് തയ്യാറാക്കിയ വിദ്യാർത്ഥിയുടെ പേര്, ക്ലാസ്സ് എന്നീ വിവരങ്ങൾ കൂടി നൽകേണ്ടതാണ്.
17. സ്കൂൾതല വിജയിയുടെ എൻട്രി ജില്ലാതല മത്സരത്തിനായി **നവംബർ 30 ന് 5 PM** നകം gsectionddekannur@gmail.com എന്ന മെയിലിൽ ലഭ്യമാക്കേണ്ടതാണ്.
18. ജില്ലാതല മത്സരഫലം പ്രഖ്യാപിക്കുന്ന തീയതി: 08.12.2025

Digitally signed by
SHAINI D
Date: 26-10-2026
20:36:38

വിദ്യാഭ്യാസ ഉപഡയറക്ടർ
കണ്ണൂർ

സ്വീകർത്താവ്:

എല്ലാ ഗവ., എയിഡഡ് ഹൈസ്കൂൾ/ഹയർസെക്കണ്ടറി സ്കൂൾ പ്രധാനാധ്യാപകർ, പ്രിൻസിപ്പാൾ

പകർപ്പ്:

1. സെക്രട്ടറി, ജില്ലാ പഞ്ചായത്ത്, കണ്ണൂർ

2 ജില്ലാ വിദ്യാഭ്യാസ ഓഫീസർ (കണ്ണൂർ, തലശ്ശേരി, തളിപ്പറമ്പ്)